(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപത്തോതിൽ വൻവർദ്ധനയുണ്ടാകുമ്പോഴും വായ്പ നൽകുന്നതിന്റെ അനുപാതം കുറവാകുന്നതായ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ പൊതു വികസനത്തിനും സാധാരണക്കാരുടെ താൽപര്യത്തിനുമനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനവും നിക്ഷേപവും പ്രയോജന പ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ അവലോകന യോഗത്തിൽ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബാങ്കിംഗ് നെറ്റ് വർക്കിന്റെ വളർച്ച, ഡെപ്പോസിറ്റ്, വിതരണം ചെയ്ത ലോൺ, ലോൺ കുടിശ്ശിക, നിക്ഷേപ തോത്, എൻ.ആർ.ഐ. ഡെപ്പോസിറ്റ്, എൻ.ആർ.ഐ. അഡ്വാൻസ്, വിദ്യാഭ്യാസലോൺ, കാർഷികലോൺ തുടങ്ങിയ രംഗങ്ങളിൽ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായി ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യം സംസ്ഥാനതല ബാങ്കുകളുടെ സമിതി യോഗത്തിൽ വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വിഷയങ്ങളിൽ ബാങ്കുകളുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അജണ്ടകൾ എസ്.എൽ.ബി.സി. യോഗത്തിൽ സർക്കാർ വയ്ക്കുകയും അവ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, മറ്റുന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ എസ്.എൽ.ബി.സി. യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് ബാങ്കുകളുടെ നിക്ഷേപാനുപാതവും പ്രവർത്തനവും സംബന്ധിച്ച കാര്യങ്ങളിൽ നിരവധി ശുപാർശകൾ നൽകാറുണ്ട്.

സാമൂഹിക-സാമ്പത്തിക -ജാതി സെൻസസ്

44 (4079) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് ഇനിയും ഏതെല്ലാം ജില്ലകളിലാണ് ജോലികൾ പൂർത്തീകരിക്കാനുള്ളത് ;

(ബി) ഏതെല്ലാം ജില്ലകളിലെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

859/2017.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയുടെ ജോലികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

(ബി) കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ സെൻസസ് റിപ്പോർട്ട് എൻ.ഐ.സി. പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം

45 (4080) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ വിവരസാങ്കേതിക വിനിമയ സങ്കേതങ്ങൾ ശക്തിപ്പെടുത്തി വിവരശേഖരണവും വിവരം നൽകലും കാര്യക്ഷമവും കുറ്റമറ്റതും വേഗത്തിലും നൽകുന്നതിനാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. കൂടാതെ, ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കപ്പാസിറ്റി ബിൽഡിംഗിനും വിവിധ മേഖലകളുമായി ബന്ധപ്പെട്ട സർവ്വെകൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly